(സി) ബന്ധപ്പെട്ട മന്ത്രിമാരേയും മറ്റു ഉദ്യോഗസ്ഥരുടേയും ഒരു കോൺഫറൻസ് വിളിച്ച് റോഡ് നിർമ്മാണത്തിനുള്ള നടപടികൾ ത്വരിതപ്പെടുത്താൻ ഗവൺമെന്റ് തയ്യാറാകുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) തുക വകയിരുത്തിയിട്ടില്ല.

(സി) ഈ കാര്യത്തിൽ തീരുമാനം ഒന്നും എടുത്തിട്ടില്ല.

ബൈരകുപ്പ-പാലത്തിന്റെ നിർമ്മാണം

125 (2105) ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയനാട് ജില്ലയും കർണ്ണാടക സംസ്ഥാനവും തമ്മിൽ ബന്ധിപ്പിക്കുന്ന ബൈരകുപ്പ പാലത്തിന് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ബഡ്ജറ്റിൽ പണം വകയിരുത്തിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്തു തുകയാണെന്ന് വ്യക്തമാക്കുമോ ;

(സി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പ്രസ്തുത പാലത്തിന് ഏതെല്ലാം സാമ്പത്തിക വർഷങ്ങളിൽ എന്തു തുക വീതം ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ഡി) പ്രസ്തുത പാലത്തിന്റെ നിർമ്മാണം ത്വരിതപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത് ;

(ഇ) ഈ പാലം നിർമ്മിക്കുന്നതിനെക്കുറിച്ച് കർണ്ണാടക ഗവൺമെന്റുമായി ചർച്ച നടത്തിയിട്ടുണ്ടോ ;

(എഫ്) ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) ഇല്ല.

(സി) 1998-99-ലെ ബഡ്ജറ്റിൽ 10 ലക്ഷം രൂപ വകയിരുത്തിയിരുന്നു.

(ഡി-എഫ്) പ്രസ്തുത പാലത്തിന്റെ നിർമ്മാണത്തിന് കോസ്റ്റ് ഷെയറിംഗ് ബേസ്സിൽ കർണ്ണാടക സർക്കാർ പണിയുന്നതിന് 29-2-1996-ലെ ജി.ഒ.(ആർ.റ്റി.)434/96/പൊമവ പ്രകാരം 93 ലക്ഷം രൂപ (186 ലക്ഷം രൂപയുടെ 50 ശതമാനം) റമിറ്റ് ചെയ്യുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇക്കാര്യത്തിൽ കർണ്ണാടക ഗവൺമെന്റുമായി ചർച്ച നടത്തിയിട്ടുണ്ട്. ഇപ്പോൾ 240 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ചീഫ് എൻജിനീയർ, കർണ്ണാടക തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത പാലം പണി കോസ്റ്റ് ഷെയറിംഗ് ബേസ്സിൽ കേരള സർക്കാർ തന്നെ പണി ഏറ്റെടുത്തു നടത്തുന്ന കാര്യം പരിശോധിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly